## 492

അനാദിനാഥനേശുവെൻ ധനം അന്യനാം ഭൂവിലെന്നാൽ
ധന്യനാം ഞാൻ ക്രിസ്തുവിൽ സദാ

1 സ്വർഗ്ഗത്തിലെൻധനം ഭദ്രം സുശോഭനം
ഉലകത്തിന്റെ സ്ഥാപനം അതിനുമുമ്പുമെൻ ധനം
ഉന്നതൻ ക്രിസ്തുവിൽ ദൈവം മുന്നറിഞ്ഞതാം-

2 പാപത്തിന്നിച്ഛകൾ പാരിൻ പുകഴ്ചകൾ
കൺമയക്കും കാഴ്ചകൾ മണ്മയരിൻ വേഴ്ചകൾ
ഒന്നിലുമെന്മനമേതുമേ മയങ്ങിടാ-

3 ഇന്നുള്ള ശോധന നൽകുന്ന വേദന
വിഷമമുള്ളതെങ്കിലും വിലയുതിനു പൊന്നിലും
വിശ്വസിച്ചാശ്രയിച്ചാനന്ദിക്കും ഞാൻ സദാ-

4 കാലങ്ങൾ കഴിയുമ്പോൾ നിത്യത പുലരുമ്പോൾ
ദൈവം ചെയ്തതൊക്കെയും നന്മയ്ക്കെന്നു തെളിയുമ്പോൾ
യുക്തമായ് വ്യക്തമായ് കൃപയിൻ കരുതലറിയും നാം-

**M.E.C.**